"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: F4-15799/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 16.11.2017.

# സർക്കുലർ

വിഷയം: വനിതാരത്നപുരസ്കാരം -2017 അപേക്ഷ ക്ഷണിച്ച് ശുപാർശ സഹിതം അയക്കുന്നത് - സംബന്ധിച്ച്-

സൂചന: സ.ഉ(സാധാ)നം.698/2017/സാ.നീ.വ, തിരു. തീയതി: 20.10.17.

വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള വനിതകളെ ആദരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള 'വനിതാരത്ന' പുരസ്കാരത്തിന്റെ 2017 വർഷത്തിലേക്കുള്ള അവാർഡിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അവാർഡ് സംബന്ധിച്ച വാർത്താക്കുറിപ്പും വിശദവിവരങ്ങളും ഇതൊടൊന്നിച്ച് അയക്കുന്നു. ടി വിവരം വകുപ്പിന്റെ ബ്ലോക്ക്തല കാര്യാലയങ്ങളിൽ അറിയിക്കേണ്ടതും പ്രാദേശിക വാർത്താമാധ്യമങ്ങളിലൂടെ പ്രചാരം നൽകേണ്ടതുമാണ്. 2017 ഡിസംബർ 15നകം ലഭിക്കുന്ന അപേക്ഷകൾ വ്യക്തമായി പരിശോധിച്ച് അപേക്ഷകളിൻമേൽ വ്യക്തവും വസ്തുനിഷ്ഠവുമായ അന്വേഷണം നടത്തി സ്കീമിലെ മാനദണ്ഡപ്രകാരം അവാർഡിനായുള്ള അപേക്ഷകൾ പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ച് ടി സമിതി ശുപാർശ ചെയ്യുന്ന യോഗ്യമായ നോമിനേഷനുകൾ മാത്രം ശുപാർശയും റിപ്പോർട്ടും സഹിതം 2018 ജനുവരി 10ന് മുമ്പ് ഈ കാര്യാലയത്തിൽ ലഭിക്കുന്ന പ്രകാരം അയച്ചുതരേണ്ടതാണ്. സമയപരിധിയും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. (വിശദവിവരം വകുപ്പിന്റെ വെബ് സൈറ്റിലും ലഭ്യമാണ്).

*DB@*

**<u>ജില്ലാതല വനിതാരത്ന പുരസ്ക്കാര നിർണ്ണയ സമിതി</u>**

| | | |
|---|---|---|
| ജില്ലാ കളക്ടർ | - | ചെയർമാൻ |
| ജില്ലാ സാമൂഹ്യനീതി ഓഫീസർ | - | കൺവീനർ |
| ജില്ലാ മെഡിക്കൽ ഓഫീസർ | - | മെമ്പർ |
| ഡെപ്യൂട്ടി ഡയറക്ടർ (പൊതു വിദ്യാഭ്യാസ വകുപ്പ്) | - | മെമ്പർ |
| സൂപ്രണ്ട് ഓഫ് പോലീസ് | - | മെമ്പർ |
| ജില്ലാ ഇൻഫർമേഷൻ ഓഫീസർ | - | മെമ്പർ |
| ജില്ലയിലെ MLA | - | മെമ്പർ |
| ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യുന്ന 2 സന്നദ്ധ സംഘടനാ പ്രതിനിധികൾ | - | മെമ്പർ |

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

K. K. SURENDRA KUMAR
Additional Director
**Directorate of Social Justice**
**Thiruvananthapuram - 33**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

*DB@*

# വാർത്താകുറിപ്പ്

വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച വനിതകൾക്കായി വനിതാരത്നം പുരസ്കാരങ്ങൾ കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖേന എല്ലാ വർഷവും നൽകി വരുന്നു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി 3 പുതിയ മേഖലകൾ കൂടി ഉൾപ്പെടുത്തി 11 പുരസ്കാരങ്ങളാണ് 2017ൽ നൽകുന്നത്. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളുടെ പേരിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അക്കാമ്മ ചെറിയാൻ അവാർഡ് | സാമൂഹ്യസേവനം |
| 2. | ക്യാപ്റ്റൻ ലക്ഷ്മി അവാർഡ് | വിദ്യാഭ്യാസ രംഗം |
| 3. | കമല സുരയ്യ അവാർഡ് | സാഹിത്യ രംഗം |
| 4. | റാണി ലക്ഷ്മിഭായി അവാർഡ് | ഭരണരംഗം |
| 5. | ജസ്റ്റിസ് ഫാത്തിമബീവി അവാർഡ് | ശാസ്ത്രരംഗം |
| 6. | മൃണാളിനി സാരാഭായ് അവാർഡ് | കലാരംഗം |
| 7. | മേരി പുന്നൻ ലൂക്കോസ് അവാർഡ് | ആരോഗ്യരംഗം |
| 8. | ആനി തയ്യിൽ അവാർഡ് | മാധ്യമരംഗം |
| 9. | കുട്ടിമാളു അമ്മ അവാർഡ് | കായികരംഗം |
| 10. | സുകുമാരി അവാർഡ് | അഭിനയ രംഗം |
| 11. | ആനിമസ്ക്രീൻ അവാർഡ് | വനിതാ ശാക്തീകരണ രംഗം |

മേൽ സൂചിപ്പിച്ചിട്ടുള്ള മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരെയാണ് അവാർഡിന് പരിഗണിയ്ക്കുക. തങ്ങളുടെ പ്രവർത്തന മേഖലകളിൽ ചെയ്തിട്ടുള്ള വ്യത്യസ്തവും നൂതനവുമായ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, പുരസ്കാരങ്ങൾ എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങൾ, രേഖകൾ, ഹൃസ്വചിത്രീകരണം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിയ്ക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകളും അനുബന്ധ രേഖകളും ഡിസംബർ 15ന് മുമ്പ് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിയ്ക്കേണ്ടതാണ്. മറ്റു വ്യക്തികൾക്കോ സംഘടനകൾക്കോ ശുപാർശയായും അപേക്ഷ നൽകാവുന്നതാണ്. അവാർഡ് തുകയായി 3 ലക്ഷം രൂപ വീതവും, ട്രോഫിയും പ്രശസ്തി പത്രവും നൽകുന്നതായിരിയ്ക്കും. മുമ്പ് ഒരു രംഗത്ത് പുരസ്കാരം ലഭിച്ചവർക്ക് അതേ രംഗത്തു തന്നെ പുരസ്കാരം നൽകുന്നതല്ല.


**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

K. K. SURENDRA KUMAR
Additional Director
Directorate of Social Justice
Thiruvananthapuram - 33


DB@

നമ്പർ: F4-15799/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 16.11.2017

## വിജ്ഞാപനം

വിഷയം: സാമൂഹ്യനീതി വകുപ്പ്- മികച്ച വനിതാ പ്രവർത്തകർക്കുള്ള "വനിതാരത്നം" പുരസ്കാരം 2017 അപേക്ഷ / നോമിനേഷൻ ക്ഷണിക്കുന്നു.

സൂചന: സ.ഉ(സാധാ)നം.698/2017/സാ.നീ.വ; തിരു. തീയതി: 20.10.17.

വിവിധ മേഖലകളിൽ സുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിനായി സംസ്ഥാന സർക്കാർ "വനിതാരത്നം" എന്ന പേരിൽ എല്ലാ വർഷവും അവാർഡ് നൽകുന്നുണ്ട്. കല, സാഹിത്യം, സാമൂഹ്യസേവന രംഗം, ശാസ്ത്രരംഗം, വിദ്യാഭ്യാസ രംഗം, ആരോഗ്യരംഗം, ഭരണമികവ്, മാധ്യമരംഗം എന്നീ മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വനിതകൾക്കാണ് ടി അവാർഡ് നൽകുന്നത്. ഈ അവാർഡ് കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന വനിതകളുടെ പേരിലാണ് നൽകുന്നത്.

| ക്രമ നം. | അവാർഡ് | മേഖല |
|---|---|---|
| 1. | അക്കാമ്മ ചെറിയാൻ അവാർഡ് | സാമൂഹ്യസേവനം |
| 2. | ക്യാപ്റ്റൻ ലക്ഷ്മി അവാർഡ് | വിദ്യാഭ്യാസ രംഗം |
| 3. | കമല സുരയ്യ അവാർഡ് | സാഹിത്യ രംഗം |
| 4. | റാണി ലക്ഷ്മിഭായി അവാർഡ് | ഭരണരംഗം |
| 5. | ജസ്റ്റിസ് ഫാത്തിമബീവി അവാർഡ് | ശാസ്ത്രരംഗം |
| 6. | മൃണാളിനി സാരാഭായ് അവാർഡ് | കലാരംഗം |
| 7. | മേരി പുന്നൻ ലൂക്കോസ് അവാർഡ് | ആരോഗ്യരംഗം |
| 8. | ആനി തയ്യിൽ അവാർഡ് | മാധ്യമരംഗം |
| 9. | കുട്ടിമാളു അമ്മ അവാർഡ് | കായികരംഗം |
| 10. | സുകുമാരി അവാർഡ് | അഭിനയ രംഗം |
| 11. | ആനിമസ്ക്രീൻ അവാർഡ് | വനിതാ ശാക്തീകരണ രംഗം |

2017 വർഷത്തിൽ മേൽ സൂചിപ്പിച്ച 11 മേഖലകളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. ഓരോ പുരസ്കാര ജേതാവിനും 3 ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമാണ്

നൽകുന്നത്. ടി മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകളിൽ, അവാർഡിനായി അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷയോടൊപ്പം തങ്ങളുടെ പ്രവർത്തന മേഖല വിശദീകരിക്കുന്ന രേഖകൾ (പുസ്തകം, സി.ഡികൾ, ഫോട്ടോകൾ, പത്ര കുറിപ്പ്) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

വ്യക്തികൾക്കും, സംഘടനകൾക്കും മേൽസൂചിപ്പിച്ച മേഖലകളിലും സ്തുത്യർഹമായി പ്രവർത്തിക്കുന്ന വനിതകളെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അപേക്ഷകളും, നോമിനേഷനുകളും അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 15.12.2017 ആണ്.

അർഹമായ അപേക്ഷകൾ ലഭിക്കാത്തപക്ഷം ഉചിതമായ വ്യക്തികളെ കമ്മിറ്റി തീരുമാനിക്കുന്നതാണ്. അവാർഡിന് തെരഞ്ഞെടുക്കുന്നതിന് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

1. അപേക്ഷക ജീവിച്ചിരിക്കുന്ന ആളാകണം.
2. കഴിഞ്ഞ 5 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരായിക്കണം.
3. അപേക്ഷകയുടെ പ്രവർത്തനങ്ങൾ (കല, സാഹിത്യം, സാമൂഹ്യസേവനം, ശാസ്ത്രരംഗം, ആരോഗ്യരംഗം, വിദ്യാഭ്യാസ മേഖല, ഭരണമികവ്, മാധ്യമരംഗം എന്നിവ) വനിതാ ക്ഷേമത്തിനും, സുരക്ഷയ്ക്കും വനിതകൾക്ക് പ്രയോജനപ്പെടുന്ന രീതിയിലും ആയവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങളാർജിച്ച വനിതകൾക്കും മുൻഗണനയുണ്ടായിരിക്കും.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

K. K. SURENDRA KUMAR
Additional Director
Directorate of Social Justice
Thiruvananthapuram - 33

DB@

## "വനിതാ രത്നം" പുരസ്കാരത്തിന് അപേക്ഷിക്കുന്ന വനിതകൾക്കുള്ള അപേക്ഷ ഫോം

1. പേര് :
2. ജനന തീയതി :
3. ജനന സ്ഥലം :
4. വിദ്യാഭ്യാസ യോഗ്യത :
5. ഫോൺ നം. :
6. സ്ഥിര മേൽവിലാസം :
7. പ്രവർത്തന മേഖല :
8. വ്യക്തിയുടെ ജീവചരിത്രം (വിശദവിവരങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതാണ്) ഫോട്ടോ, CD, പുസ്തകം, പത്രറിപ്പോർട്ട്,എന്നിവ അഭികാമ്യം) :
9. പുരസ്കാരാർഹമായ സേവനങ്ങൾ :
10. മറ്റ് അവാർഡ് ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം :

**<u>സത്യവാങ്മൂലം</u>**

മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**അപേക്ഷകയുടെ ഒപ്പ് /**
**നാമനിർദ്ദേശം നൽകുന്ന**
**വ്യക്തിയുടെ പേരും ഒപ്പും**

തീയതി:

സ്ഥലം:

*DB@*